ജയശ്രീ മിശ്രയുടെ
'ജന്മാന്തര വാഗ്ദാനങ്ങളു''ടെ വായനാനുഭവ അവതരണം വഴി ടീ ബി ലിറ്റററി വേദികളില് നിന്നു കണ്ടെത്തിയതാണിന്നിന്റെ ദളം.

തന്റെ ജന്മസാഫല്യം ജേര്ണ്ണലിസ്റ്റാവുകയായിരുന്നു എന്ന് പ്രതിഭ മനസ്സു തുറന്നു.

സുദൃഢമായ ഒരു ലക്ഷ്യപ്രാപ്തിയുടെ നിറവും നര്മ്മവും അല്പം കേക്കുപുരാണവും ചാലിച്ച മുഖാമുഖം.

' കേക്കുകള്, വ്യത്യസ്ത രുചിക്കൂട്ടുകളില് വര്ണ്ണങ്ങളില്, ചേരുവകളില് അലങ്കരിച്ചു വിസ്മയിപ്പിക്കുന്ന സഖാവ് കൂടിയാണ്, ജേര്ണ്ണലിസ്റ്റായ നിധി''.

മാനവികതയുടെ ഉണര്ത്തു പാട്ടുമായി
ഈയാഴ്ചയുടെ നമ്മുടെ ദളം,

നിധി തോമസ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ഒല്ലൂക്കര ബ്രാഞ്ച്, തൃശൂര്.

പാലക്കാട് ജില്ലയിലെ ആലത്തൂരില് ശ്രീ എന്.വി.തോമസിന്റേയും ശ്രീമതി ആനി തോമസിന്റേയും രണ്ടാമത്തെ മകളായി ജനനം. പിതാവ്, അരുണാചല് പ്രദേശ് PWD യില് ഉദ്യോഗസ്ഥനായിരുന്നു. മാതാവ്, കാവശ്ശേരി KCP സ്ക്കൂളിലെ അദ്ധ്യാപികയും. നിധിയുടെ മൂത്ത സഹോദരി മിലി തോമസ്. (മിലി ഇപ്പോള് യുഎസ്സേയില് സോഫ്ട് വെയര് എഞ്ചിനീയര്, സകുടുംബം)

ആലത്തൂര് ഹോളി ഫാമിലി സ്ക്കൂളിലെ പ്രാഥമിക പഠനശേഷം വടക്കഞ്ചേരി ചെറുപുഷ്പം സ്കൂളില് പത്താം തരം വരെ പഠനം.
അതുകഴിഞ്ഞ് അമ്മ പഠിപ്പിച്ച സ്കൂളായ കാവശ്ശേരി KCP സ്കൂളില് പ്ലസ് ടൂ പഠനവും കഴിഞ്ഞ് നേരേ പാലക്കാട് മെഴ്സി കോളേജിലേക്ക്.
ലിറ്ററേച്ചര് പഠിച്ച് തെളിഞ്ഞ് പത്രലേഖികയാകണമെന്ന മോഹം നിധി പോലെ സൂക്ഷിച്ചു വച്ചുവെങ്കിലും,
മാത് സായിരുന്നു ഐച്ഛികവിഷയം.
മോഹം പൂത്തു തളിര്ത്തത് ബിരുദവുമായി
കോയമ്പത്തൂര് അമൃതയിലെത്തി പീജി ഡിപ്ലോമ- ഇന് ജേര്ണ്ണലിസം നേടിയപ്പോഴും; പിന്നെ അണ്ണാമലൈ യൂണിവേഴ്സിറ്റിയില് നിന്ന് കറസ്പോണ്ടന്റായി ഇംഗ്ലീഷ് ലിറ്ററേച്ചറില് എം.ഏ കൂടിചേര്ത്തു വച്ചപ്പോഴുമാകുന്നു.

അവിടെയും തീര്ന്നില്ല.

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഫോട്ടോഗ്രഫി കോഴ്സ് എന്നിവയിലൊക്കെ കെൈവച്ചു, ജേര്ണ്ണലിസം പഠന വേളയില്.

പഠനകാലത്ത്, കലാ-കായികമത്സരങ്ങളിലൊന്നും പങ്കെടുത്തിരുന്നില്ല, പുസ്തകങ്ങളായിരുന്നു കൂട്ടുകാര്. ആലത്തൂര് വീട്ടുവളപ്പിലെ പൂന്തൊടികളില് മല്ഗോവയും നീലനും അല്ഫോന്സയും മൂവാണ്ടനും കായ്ക്കാത്ത ഒന്നു രണ്ടു മാവുകളും ഒക്കെയായി മിലിയും നിധിയും അമ്മയും അച്ഛനും നട്ടുവളര്ത്തിയ വൃക്ഷങ്ങളും പന്ത്രണ്ടു മാസവും പൂത്തു വിസ്മയിപ്പിച്ചിരുന്ന പേരറിയാ മാവിന്റെ തണലുമാണ് ഓര്മ്മയിലെന്നും.

പുഴയുടെ ഓരത്തെ (ലോകത്തിന്റെ തന്നെ അങ്ങേത്തലക്കലില് നിന്നെന്ന പോലെ) മരക്കൂട്ടങ്ങള്ക്കിടയിലെ ഒറ്റപ്പെട്ട വീട്ടില് നിന്നോടിയെത്തി മാവില് ചാഞ്ചാടിയാടിയിരുന്ന ജോ ത്രയങ്ങളും ബാലരമയും, സ്വാതി ജംഗ്ഷനിലെ പബ്ലിക് ലെൈബ്രറിയിലെ പുസ്തകങ്ങളും, എരട്ടക്കുളം S N കോളേജിലെ പ്രൊഫസര് രത്നാകരന് സാറിന്റെ പുസ്തകപരിചയങ്ങളും അമ്മ, കാവശ്ശേരി സ്ക്കൂളിലെ ലെൈബ്രറിയില് നിന്നു കൊണ്ടു വന്ന പുസ്തകങ്ങളും ചേര്ന്ന് നിധിയുടെ ലോകം ചിന്തകളുടെ വിഹാസിലേക്ക് കണ്മിഴിച്ചു

മെഴ്സി കോളേജ് ലെൈബ്രറിയിലെ പുസ്തകവിതരണപ്പിശുക്കില് പ്രതികരിച്ചു കൊണ്ട് ഒപ്പുശേഖരണം നടത്തി കലഹിച്ചതാണ് ആദ്യ പൊതു പ്രതികരണ ഇടപെടല്.

പത്താംക്ലാസ് വരെ മലയാളം ജനറല് എസ്സേ ചോദ്യങ്ങളെ മറ്റെന്തിനേക്കാളും ഉള്ളഴിഞ്ഞു സ്നേഹിച്ചു. മലയാളം ടീച്ചര് എഴുത്തു കണ്ടു പ്രോത്സാഹിപ്പിച്ചു.ഇതേ പ്രോത്സാഹനം, പ്ലസ് ടൂവിലെ പഠന സമയത്തും ഡിഗ്രീ പഠനസമയത്തും മലയാളം അദ്ധ്യാപകരില് നിന്നുണ്ടായി.

(ഒരിക്കല് പാഠപുസ്തകത്തിനിടയില് തിരുകി വച്ച് 'എന്റെ കഥ'' വായിച്ചതു കണ്ട അമ്മ കയ്യോടെ പിടികൂടിയതും രസകരമായ ഓര്മ്മകള്)

ചെറുക്ലാസ്സിലേ ഉറച്ച മോഹമായിരുന്നു; ജേര്ണ്ണലിസ്റ്റാകണം, അതും മനോരമയിലാകണം! (അത്ര മേലാ സ്ഥാപനത്തെയിഷ്ടപ്പെട്ടു; ബാലരമയാകാം കാരണം എന്നെടുത്തു പറഞ്ഞു). മോഹം പോലെ, വരുന്നു, മനോരമ ക്യാംപസ് ലെൈന് അവസരങ്ങള്. മെഴ്സി കോളേജ് പഠന സമയത്ത്, പാലക്കാട് മുതല് കാസറഗോഡ് വരെയുള്ള കോളേജുകളിലെ ഇരുപതു വിദ്യാര്ത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്യാംപസ് ലെൈന് പംക്തിയില് ഭാഗഭാക്കായി.

ക്യാംപസ് ലൈെന് ''ഓട്ടോഗ്രാഫ് '' പംക്തിയില് 2005 ല് കുറിച്ചിട്ട വരികളിലൂടെ കണ്ണോടിക്കുമ്പോഴിപ്പോഴും ആവേശം- ''എല്ലാം അറിയുമ്പോള് തോന്നുന്നു, മാര്ച്ച് അവസാനിക്കാതിരുന്നെങ്കില്.....'' മാതൃഭൂമി ക്യാംപസ് കോളത്തിലും സാന്നിദ്ധ്യമായി.

ജേര്ണ്ണലിസം പീ ജി ഡിപ്ലോമയും ഇംഗ്ലീഷ് എം.ഏയുമായി ചെന്നൈ ''ന്യൂസ് ടുഡേ'' ഈവനിംഗ് ഡെയ്ലിയില് രണ്ടു മാസം ജോലിചെയ്തു. കാതല്സന്ധ്യയുമായുള്ള അഭിമുഖം മറക്കാവുന്നതല്ല.

വി.പി.സത്യന് എന്ന എക്കാലത്തേയും മികച്ച ഫുട്ബോളറുടെ വിയോഗം സൃഷ്ടിച്ച ആഘാതം, ഫുട്ബോള് പോലെ ജനകീയമായ കളികളോടുള്ള വിവേചനങ്ങള് എന്നിവയിലേക്ക് വിരല് ചൂണ്ടുന്ന 'ന്യൂസ് ടുഡേ' റിപ്പോര്ട്ട് (22/07/2006) ഇന്നും പഠനാര്ഹമാണ്.
അവിടെ നിന്ന് എറണാകുളത്ത് 'The New Indian Express' ല് സബ് എഡിറ്ററായി ചേര്ന്നു.

അക്കാലത്തെ വളര്ന്നു വരുന്ന ഗായിക ശ്വേതാ മോഹനെ പരിചയപ്പെടുത്തുന്ന ഫീച്ചര് (14/06/2007- ശ്വേതയുടെ ആദ്യ ഇന്റര്വ്യൂ) ശ്രദ്ധേയമായി.

വീണ്ടും ചെന്നൈയിലേക്ക്. ഇക്കുറി 'The Hindu' വിന്റെ 'Ergo' എന്ന IT Park Tabloid നൂതനാശയ സാക്ഷാത്കാരത്തില് പ്രവര്ത്തിച്ചു ഒരു കൊല്ലത്തോളം. നാട്ടിലേക്ക് മടങ്ങിയെത്തി ''ഇന്ദുലേഖ'' എന്ന മലയാളം പോര്ട്ടലില് Content Editor ആയി ചേര്ന്നു.

ആലത്തൂര് ഇടവകയിലെ
റിജോ ജോസുമായുള്ള വിവാഹം
സമപ്രായത്തിന്റെ കൂട്ടുകാരനെയാണ് നിധിക്കു സമ്മാനിച്ചത്.
'പിയേഴ്സണ് ഇന്ത്യാ' യുടെ കേരളാ ഹെഡ് ആയി പ്രവര്ത്തിക്കുന്ന റിജോയോടൊപ്പം തിരുവനന്തപുരത്ത് താമസമായപ്പോള് കലാകൗമുദി ''ഭവനം'' പ്രസിദ്ധീകരണത്തില് സബ് എഡിറ്ററായി അവസരം കൈവന്നു.
ജേര്ണ്ണലിസ്റ്റുകളുടെ വേതന ലഭ്യതയിലെ
ഏറ്റക്കുറച്ചിലുകള് അനുഭവമായപ്പോള് ബാങ്ക് ജോലിയില് ആകൃഷ്ടയായി; റിജോയുടെ പ്രോത്സാഹനം കൂടിയായപ്പോള് ഉത്സാഹം ഇരട്ടിച്ചു.
തൃശൂരില് ബ്രില്ല്യന്സില് ബാങ്ക് കോച്ചിംഗിനു ചേര്ന്നു. അവിടെ പഠിച്ചു കൊണ്ടിരിക്കുമ്പോഴേക്കും ബ്രില്ല്യന്സിന്റെ പാലക്കാട് ജില്ലയിലെ ഒട്ടുമിക്ക ശാഖകളിലും ഇംഗ്ലീഷ് ആന്റ് കറന്റ് അഫയേഴ്സ് ക്ലാസ് എടുക്കാനും പോയി (ഭര്ത്താവിന്റെ ജോലി സംബന്ധമായി കൂടെ പോയതാണ് നിമിത്തമായത്).

മൂത്ത മകള് അലേകയുടെ രണ്ടാം പിറന്നാള് ദിനത്തിലാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയില് ക്ലറിക്കല് കേഡറില് ജോലി ലഭിച്ചുള്ള SMS വരുന്നത്, 2013

ല്.

ആദ്യ പോസ്റ്റിംഗ് ഇരിങ്ങാലക്കുട. നാലുമാസം കഴിഞ്ഞ് പൂങ്കുന്നം.അവിടെ അഞ്ചു കൊല്ലം. നിസ്തുലമായ പൂങ്കുന്നം സേവനകാലവും കഴിഞ്ഞ്, 2018 മുതല് ഒല്ലൂക്കരയില്.

അലേകയിപ്പോള് നാലാം ക്ലാസ്സില്. ഒരാള്കൂടിയുണ്ട് നിധി ശേഖരത്തില്- യൂകേജീയിലായ അയാന. പഴയ ബ്ലോഗ് njanpaaru.blogspot.com നിന്നു പോയിരിക്കുന്നു. എഴുത്തും വായനയും തുടരണം, പ്രതികരണങ്ങള് ശക്തമായി തുടരണം, സംഘടനയും സഹപ്രവര്ത്തകരും ഒത്തു ചേര്ന്ന് സമൂഹമായി ചേര്ന്ന് ആവതു ചെയ്യണം. റിജോ എന്ന കൂട്ടുകാരന്റെ അകമഴിഞ്ഞ തുണയില് ബാങ്കു ജീവിതത്തോടൊപ്പം സര്ഗ്ഗവാസന പരിപോഷിപ്പിക്കുന്നു. ജേര്ണ്ണലിസ്റ്റ് എന്ന അകക്കാമ്പില് നിന്നൂര്ജ്ജം കൊണ്ട് എഴുത്തും വായനയും തുടരുന്നു.നിരീക്ഷണ-
പ്രതികരണ-സഹവര്ത്തിത്ത-സംഘാടന
പാടവങ്ങള് പ്രകടിപ്പിക്കുവാല് സ്റ്റേറ്റ് ബാങ്ക് നല്കുന്ന അവസരങ്ങള് അളവറ്റതാകുന്നു. ബാങ്ക് സംഘടിപ്പിക്കുന്ന വിവിധ കസ്റ്റമര് മീറ്റുകള്, സര്ഗ്ഗോത്സവങ്ങള്, ജീവനക്കാരുടെ മേഖലാ സമ്മേളനങ്ങള് ഒക്കെയും നിധിയുടെ കൈകളില് ഭദ്രമായ തലങ്ങളിലേക്കുയരുന്നു. സാമൂഹ്യപ്രതിബദ്ധതയുടെ പ്രതിഫലനങ്ങള് ലേഖനമായി മാറുമ്പോള് അതേറ്റെടുക്കുവാന് പ്രമുഖ മാദ്ധ്യമങ്ങളും തയ്യാര്. (11/04/2019 മലയാള മനോരമ തൃശൂര് മെട്രോ എഡിഷന് സാക്ഷ്യം)

SBSU വിന്റെ റീജിയണല് സെക്രട്ടറിയുമാണ്, നിധി.

കോമ്പ്യറിംഗ് ഒരു കലയായി മാറുന്നു, നിധിയുടെ നിരീക്ഷണ- തത്സമയവാക്ചാതുര്യങ്ങളില്. ബാങ്ക് തലം വിട്ട് അത് കുടുംബയോഗങ്ങളിലൂടെ വലിയ സദസ്സുകളായി മാറുന്ന വിവാഹവേദികളിലെ നിധി ടച്ചാര്ന്ന ഹോബിയായി മാറിയിരിക്കുന്നു.

വീണ വിപിന് എന്ന നമ്മുടെ ആദ്യകാല ദളമായ SBIan പറയുന്നു- "കൊച്ചിയിലെ SBLC യിലെ ആദ്യ ട്രെയിനിംഗ് നാളുകളിലേ തിളങ്ങിയ താരമാകുന്നു, നിധിച്ചേച്ചി. അന്ന് അവിടെ ഇന്റേണല് ഹൗസ് മാഗസീന് എഡിറ്റര്മാരായി ശോഭിച്ച നിധി- ആശീഷ് ബെന് (പിന്നീട് BOI യില് ഓഫീസര് ആയിപോയി) ദ്വയങ്ങള് ഞങ്ങളുടെ അഭിമാനമാണ്. കോംപ്യറിംഗില് അഗ്രഗണ്യയും. (ഇവര് മൂവരും ടീ ബി യുടെ വ്യത്യസ്ത കാല വീക്കിലീദളങ്ങളാകുന്നതും നിമിത്തം!)

കേക്കുകളുടെ കഥ.

അമ്മ, ആനി തോമസ് നിധി പോലെ സൂക്ഷിച്ചു വച്ച പഴയൊരു ഓവന് (വട്ടപ്പാത്രവും ഉള്ളില് കോയിലും ഒക്കെയായ ഓവന്) കൊണ്ടുള്ള കുക്കിംഗ് അഭ്യാസവും തനതായ രുചിക്കൂട്ടുകളും ചേര്ന്നപ്പോള് നവം നവങ്ങളായ കേക്കുകള് രൂപപ്പെട്ടു. ഓരോന്നങ്ങിനെ പൊട്ടിവിടര്ന്നു. Instagram - Sugarloopbakes- ഇപ്പോള് കേക്കുകളുടെ കലവറയാണ്.

പ്രസിദ്ധ ചിന്തകനും ഗ്രന്ഥകര്ത്താവും ഫിലിംക്രിട്ടിക്കും എന്.സി.ബി.ഇ യുടെ സമുന്നത നേതാക്കളിലൊരാളുമായ SBIan, ശ്രീ. ജി.പി.രാമചന്ദ്രന്, തന്റെ സഹപ്രവര്ത്തകയായ നിധിയെ വിലയിരുത്തുന്ന ഒരു ചെറുകുറിപ്പ് ഈ ലേഖനത്തിന്റെ തയ്യാറെടുപ്പു വേളയില് അയച്ചു തന്നു;

''മുൻ പത്രപ്രവർത്തകയായ നിധി, മലയാളവും ഇംഗ്ലീഷും നന്നായി കൈകാര്യം ചെയ്യും. ഫെയിസ്ബുക്കിലെ അവരുടെ തുറന്നെഴുത്ത് ഏറെ ഹൃദ്യവും ആത്മാർത്ഥവും സത്യസന്ധവുമാണ്. സ്ത്രീ സ്വാതന്ത്ര്യം, ഫെമിനിസം, വിവാഹബന്ധത്തിനകത്തെ സ്വഛത, തന്റേടം, ലൈംഗികത, കുട്ടികളെ വളർത്തൽ എന്നീ കാര്യങ്ങളിലെല്ലാം പുരോഗമന സ്വഭാവമുള്ള നിലപാടുകൾ സധൈര്യം, നിർഭയം മുന്നോട്ടു വെയ്ക്കുന്നു. പൊതു പ്രവർത്തനത്തിലും ജോലിയിലും അവർ ആത്മാഭിമാനം ഉയർത്തിപ്പിടിക്കുന്നവരാണ്. ഈ മാതൃക അവരെ പരിചയപ്പെടുന്നവർക്കും ഒപ്പം ജോലിയിലും സംഘടനയിലും പ്രവർത്തിക്കുന്നവർക്കും ആത്മവിശ്വാസം പകരുന്നതും പ്രതിസന്ധികളെ നേരിട്ടും മറികടന്നും മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നതുമാണ്. നല്ല സംഘാടകയാണ്. യോഗങ്ങൾ, വനിതാ സംഗമങ്ങൾ, സർഗോത്സവങ്ങൾ, എല്ലാം മടികൂടാതെ പ്രയത്നിച്ച് വിജയിപ്പിക്കും. ഇത്തരം മേഖലകളിൽ അനുഭവ പരിചയവുമുണ്ട്. നല്ല anchor ആണ്. Stage fear കൂടാതെ ഹൃദ്യമായും, അതിഥികളുടെ സവിശേഷതകൾ നേരത്തെ തിരിച്ചറിഞ്ഞും അവരുടെ പ്രസംഗമോ performance ഓ കഴിഞ്ഞാൽ അതിൽ നിന്നു ശ്രദ്ധിക്കേണ്ട പോയന്റുകൾ എടുത്തു പറഞ്ഞും സദസ്സിനെ കയ്യിലെടുക്കുകയും engage ചെയ്യിക്കുകയും ചെയ്യും.''

ഭാവി പരിപാടികള് എന്തൊക്കെ എന്ന ചോദ്യത്തിന് നിധിയുടെ മറുപടി ഇങ്ങിനെ-

''സമയമനുസരിച്ച് എഴുതുക എന്നത് മാത്രമേ ഉള്ളൂ. എഴുത്ത്, കോംപയറിങ്, ബേക്കിംഗ് ഇത് മൂന്നും ഇഷ്ടമാണ്. കിട്ടുന്ന അവസരങ്ങൾ പരമാവധി വിനിയോഗിക്കും''.

നിധിതോമസിനും കുടുംബാംഗങ്ങള്ക്കും ടാലന്റഡ് ബാങ്കേഴ്സിന്റെ സ്നേഹാദരങ്ങളും ആശംസകളും.

---

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ,

എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത, കോഴിക്കോട്
-----------------------------------------------------------------------------------------------

Today's Talented Banker was noticed in our group through her wonderful review on Jaishree Misra's 'Ancient Promises'.
She confessed that her most cherished dream was to be a journalist.. We share here the contentment of fulfilling clear aims, a bit of humour and a little cake talks. Our Talented banker is an expert in baking heavenly cakes of various flavours and designs in addition to being a journalist.

Nidhi Thomas
State Bank of India
Ollukkara Branch, Thrissur

She is the second daughter of Sri. N.V.Thomas and Smt. Annie Thomas, born in Alathur, Palakkad. Her father was an employee of PWD, Arunachal Pradesh and her mother ws a teacher at Kavassery KCP School. Her elder sister Mili Thomas is presently a software engineer at the USA and stays there with her family.

After her primary classes at Alathur Holy Family School, she went to Vadakkenchery Cherupushpam School till her 10th grade. Then she went to KCP School where her mother taught, till 12th and then to Palakkad Mercy College. Though she dreamed of excelling in literature and go on to be a famed journalist, she chose Mathematics for her graduation. Later she did her PG diploma in journalism from Amritha college, Coimbatore and MA in English literature through correspondence course from the Annamalai University. She also did courses in Communicative English and Photography parallel to her post graduation classes.

She found her friends in her books, and didn't participate in any extra curricular activities during her school and college years. Her memories of those days are the various mango trees she and her family nurtured in the garden, their cool shades where she gorged on the books she got from the Public Library at the Swathi junction, Eratakulam S.N College professor Ratnakaran sir's vast collection of books and Amma's school library.

Her public display of talent was when she reacted to the Mercy college library not distributing enough books to the students to read, by readying a joint letter of protest signed by all the students.

She loved the Malayalam essay questions the most and was encouraged to write by her teachers at the 10th grade, 12th grade and even at the college. She held a dream close to her bosom..to be a journalist, that too in Manorama. She guesses that reading Balarama, published

by Manorama might have made her decision clear. And, dreams do come true before one expects.. while at Mercy college, she could be a part of the Manorama campus line event of twenty students from various colleges between Palakkad and Kasargod. She still thrills as she reads her words in the 'Autograph ' column of Campus line in the year 2005.. " when realisation dawns, I wish March would never end..."

She worked for two months in the Chennai evening daily, "News Today". And her interview with Kadhal Sandhya will never leave the folds of her memories. The report on the shock of the death of one of the best footballers, V. P. Satyan, and the discrimination shown to a sport like football, that came in 'News Today' on 22/07/2006 is worth probing . From there she joined 'The New Indian Express ', Ernakulam as sub editor. The feature introducing Swetha Mohan (Swetha's first interview on 14/06/2007) was well noticed.

She returned to Chennai to work in the IT Park tabloid of 'The Hindu' named 'Ergo'. Then she came to Kerala and joined a Malayalam portal 'Indulekha' as content editor.

Her marriage to Rijo Jose gifted her with a new-found friend. When she moved in to Thiruvananthapuram with Rijo who works as the Kerala head of 'Pearson India', she got the chance to be the sub editor of Kala Kaumudi's "Bhavanam" magazine. The instability of salaries of a journalist prompted her to be interested in banking, which was encouraged by Rijo. She joined fof bank coaching at Brilliance, Thrissur during which time she chanced to teach English and Current Affairs in the various branches of Brilliance at Palakkad.

The SMS regarding her appointment in State Bank of India clerical cadre came in 2013, on her elder daughter Aleka's 2nd birthday. Her first posting was at Iringalakuda after four months of which she got transferred to Poonkunnam branch. There she worked for 5 years and from 2018 she is at Ollukkara branch.

Aleka is in 4th grade and her second daughter Ayana is in UKG. Her old blog njanpaaru.blogspot.com is not active now but she intends to rekindle her reading and writing skills with the untiring support of Rijo. The bank offers many opportunities like various customer meets, Sargotsavam and employees meetings fir showcasing her talents. Her write ups regarding social responsibility get noticed, like her words reflected in the 11/04/2019 Malayala Manorama Thrissur metro edition.

Nidhi is also the SBSU Regional Secretary. She excels at compering at bank meetings, family get togethers and marriage functions. Veena Vipin, another Talented Banker says Nidhi was a star during the orientation training at Kochi SBLC and was the co-editor of the in-house magazine along with Ashish Ben Ajay (who later joined BOI as officer).

She started her cake baking experiments with her mother's precious oven. Now Instagram-Sugarloopbakes is full of cakes of all models and sizes.

The famous thinker-author-film critic-NCBE leader SBIan Sri. G.P.Ramachandran says Nidhi handles both English and Malayalam well and her writings are true and touching, clear and brave. She instills confidence in those around her and is a great organizer, anchor and without

stage fear comperes well engaging the audience.

Nidhi says as time permits she would journey ahead with her passions- writing, compering and baking. We wish her and her lovely family happiness and prosperity.